പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1059 | 25.01.2018 ന് മറുപടിയ്ക്ക്.

## ഐ. റ്റി. ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ. റ്റി. ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) ഉണ്ട്; ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 228,92,31,600/- (ഇരുന്നൂറ്റി ഇരുപത്തി എട്ടു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുന്നൂറു രൂപാ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ:ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ:ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ ഇന്റർനാഷണൽ ഐ.ടി.ഐ ആക്കുന്നതിന് ആദ്യ ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 7,99,83,914/- (ഏഴു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി പതിന്നാല്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>(....2) |

| | |
|---|---|
| (ബി) ഇതിനായി കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(സി) ഈ പദ്ധതിയുടെ ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഡി. പി. ആർ. തയ്യാറാക്കിയതെന്ന് വെളിപ്പെടുത്താമോ;<br><br>(ഡി) ഇതിനകം എത്ര ഐ. റ്റി. ഐ. കൾ കിഫ്ബിയുടെ ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലാക്കിയെന്ന് വ്യക്തമാക്കുമോ? | (ബി), (സി) & (ഡി) ഐ.ടി.ഐ കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടില്ല 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്വീകരിച്ചു വരുന്നു. DPR തയ്യാറാക്കുന്നതിന് വേണ്ടി കൺസൾട്ടന്റിനെ തീരുമാനിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിച്ചിട്ടുണ്ട്. KASE ലഭ്യമാക്കുന്ന DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം നേടി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ